# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

## ദൂത് അറുപത്തഞ്ച്

## പുതിയ യെരൂശലേം

## (7)

## XVIII. അതിന്റെ കേന്ദ്രം

ഓരോ രാഷ്ട്രത്തിനും ഒരു കേന്ദ്രമുണ്ട്. ഒരു രാഷ്ട്രത്തിന്റെ കേന്ദ്രം, കേന്ദ്രീയഭരണകൂടം സ്ഥിതിചെയ്യുന്ന സ്ഥലം, അതിന്റെ തലസ്ഥാനമാണ്. പുതിയ യെരൂശലേമിനും ഒരു കേന്ദ്രമുണ്ട്; അത് നമ്മെ വീണ്ടെടുക്കുന്ന ദൈവത്തിന്റെ സിംഹാസനം, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം, ആണ് (22:1).

ഈ പുസ്തകത്തിന്റെ ഒന്നാമത്തെ ഭാഗത്ത് (1:1—11:19) ദൈവത്തിന്റെ സിംഹാസനമാണ് കേന്ദ്രമെന്നും, രണ്ടാമത്തെ ഭാഗത്ത് (12:1—22:21) ദൈവാലയമാണ് കേന്ദ്രമെന്നും ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. "ദൈവാലയത്തിലെ സിംഹാസനത്തിൽനിന്ന്" എന്ന പ്രയോഗവും നാം ചിന്തിച്ചിരുന്നു (16:17, ദൂത് 49-ഉം 50-ഉം). വെളിപ്പാടുപുസ്തകത്തിന്റെ അന്ത്യത്തിൽ ദൈവത്തിന്റെ സിംഹാസനം ആലയത്തിലാണ്. അങ്ങനെ, സിംഹാസനവും ആലയവും ഒന്നായിത്തീർന്നിരിക്കുന്നു.

നമ്മുടെ ദൈവം തന്റെ ഭരണനിർവഹണത്തിനുവേണ്ടി സിംഹാസനത്തിൽ ഇരിക്കുന്ന ദൈവവും, തന്റെ ആവിഷ്കാരത്തിനുവേണ്ടി ആലയത്തിൽ ഇരിക്കുന്ന ദൈവവും മാത്രമല്ല. തന്റെ ഭരണനിർവഹണത്തിലൂടെ അവന്റെ ആവിഷ്കാരത്തിനു വേണ്ടി ആലയത്തിലെ സിംഹാസനത്തിൽ ഇരിക്കുന്ന സാക്ഷാൽ ദൈവവുമാണ് അവൻ. ദൈവത്തിന്റെ സിംഹാസനം അവന്റെ ഭരണനിർവഹണത്തിനു വേണ്ടിയും, ദൈവത്തിന്റെ ആലയം അവന്റെ ആവിഷ്കാരത്തിനു വേണ്ടിയും ആണ്. സിംഹാസനം ആലയത്തിലാണെന്ന വസ്തുത അർഥമാക്കുന്നത് ദൈവത്തിന്റെ ഭരണനിർവഹണം അവന്റെ ആവിഷ്കാരത്തിനു വേണ്ടിയാകുന്നു എന്നാണ്. ദൈവം ഭരണനിർവഹണം നടത്തുന്നതെല്ലാം

അവൻ ആവിഷ്കരിക്കപ്പെടേണ്ടതിനാണ്. ഭാവികാല നിത്യതയിൽ ദൈവത്തിന്റെ സിംഹാസനം പുതിയ യെരൂശലേമിന്റെ കേന്ദ്രത്തിലായിരിക്കുകയും, അവന്റെ ആവിഷ്കാരം ചുറ്റളവോളം നീണ്ടുകിടക്കുകയും ചെയ്യും. അതുകൊണ്ട്, നമ്മുടെ ദൈവം ഭരണനിർവഹണത്തിന്റെ ദൈവവും ആവിഷ്കാരത്തിന്റെ ദൈവവും ആണ്.

## A. ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം

വെളിപ്പാട് 22:1 പറയുന്നു, "വീഥിയുടെ നടുവിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്നതായ, പളുങ്കുപോലെ ശുഭ്രമായ ജീവജലനദി അവൻ എന്നെ കാണിച്ചു." ദൈവത്തിനും കുഞ്ഞാടിനും, രണ്ടുപേർക്കുമുള്ള ഏക സിംഹാസനമായ, ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം സൂചിപ്പിക്കുന്നത് ദൈവവും കുഞ്ഞാടും ഒന്നാകുന്നു എന്നാണ്; അവൻ വീണ്ടെടുപ്പുകാരനായ ദൈവം, വീണ്ടെടുക്കുന്ന ദൈവമായ കുഞ്ഞാടു-ദൈവമാണ്. നിത്യതയിൽ, സിംഹാസനത്തിലിരിക്കുന്ന സാക്ഷാൽ ദൈവം നമ്മുടെ വീണ്ടെടുക്കുന്ന ദൈവമാകുന്നു: അവന്റെ സിംഹാസനത്തിൽനിന്ന് നമ്മുടെ സഹായത്തിനും തൃപ്തിക്കും വേണ്ടിയുള്ള ജീവജലനദി പുറപ്പെടുന്നു. ദൈവവും, കുഞ്ഞാടും, ജീവജലത്താൽ പ്രതീകവൽക്കരിക്കപ്പെടുന്ന ആത്മാവും ആയ ത്രിയേക ദൈവം നിത്യതയോളം തന്റെ തലയായ്മയിൻകീഴിലുള്ള (സിംഹാസനത്തിന്റെ അധികാരത്താൽ പരോക്ഷമായി സൂചിപ്പിക്കുന്നതുപോലെ) തന്റെ വീണ്ടെടുക്കപ്പെട്ടവരിലേക്ക് അവനെത്തന്നെ എങ്ങനെ പകരുന്നുവെന്ന് ഇത് ചിത്രീകരിക്കുന്നു.

ദൈവത്തിന് ഒന്നും കുഞ്ഞാടിന് മറ്റൊന്നും എന്നിങ്ങനെ രണ്ടു സിംഹാസനങ്ങളില്ല എന്നത് ശ്രദ്ധിക്കുക. ക്രിസ്തുമതത്തിൽ ഉപയോഗിക്കുന്ന പരമ്പരാഗതമായ പദങ്ങളനുസരിച്ച് ദൈവത്തോടും കുഞ്ഞാടിനോടുമുള്ള പരാമർശം രണ്ടു വ്യത്യസ്ത വ്യക്തികളായ ദൈവവും കുഞ്ഞാടും ഒരു സിംഹാസനത്തിൽ ഇരിക്കുന്നു എന്നാണ് അർഥമാക്കുന്നത്. ദൈവത്തിനും കുഞ്ഞാടിനും എങ്ങനെ ഒരു സിംഹാസനത്തിൽ ഇരിക്കുവാൻ കഴിയും? അവർ അടുത്തടുത്ത് ഇരിക്കുകയാണോ? ഈ ചോദ്യങ്ങൾക്കുള്ള ഉചിതമായ ഉത്തരത്തിന് 21:23-ൽ നാം ഒരു സൂചന കണ്ടെത്തുന്നു. ഈ വാക്യത്തിൽ ദൈവത്തെ വെളിച്ചത്തോടു സാദൃശ്യപ്പെടുത്തുകയും കുഞ്ഞാടിനെ ഒരു വിളക്കിനോടു സാദൃശ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു. വെളിച്ചത്തെയും വിളക്കിനെയും വേർപിരിക്കുവാനും, അതിന് അടുത്തടുത്ത് ഇരിക്കുവാനും കഴിയുകയില്ല. മറിച്ച്, വെളിച്ചം വിളക്കിനുള്ളിൽനിന്നു പുറത്തേക്കു പ്രകാശിക്കുന്നു. അതുകൊണ്ട്,

വെളിച്ചമായ ദൈവം വിളക്കായ കുഞ്ഞാടിലാണ്. ദൈവവും കുഞ്ഞാടും അടുത്തടുത്ത് ഇരിക്കുകയല്ല, മറിച്ച്, ദൈവം വിളക്കായ കുഞ്ഞാടിനുള്ളിലായിരിക്കുകയും അവനിലൂടെ പുറത്തേക്കു പ്രകാശിക്കുകയും ചെയ്യുന്നു.

നമ്മെ എതിർക്കുന്നതിനായി ത്രിയേക ദൈവത്തെക്കുറിച്ചുള്ള പരമ്പരാഗതമായ പഠിപ്പിക്കൽ ഉപയോഗിക്കുന്നവർ, എങ്ങനെ ദൈവവും കുഞ്ഞാടും ഒരേ സിംഹാസനത്തിൽ ഇരിക്കുന്നുവെന്ന് വിശദീകരിക്കുമെന്നു കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. വ്യക്തി എന്ന പദം ഉപയേഗിക്കാതിരിക്കുന്നതാണു നല്ലത്; അത് ഉപയോഗിക്കുന്നതിലൂടെ നാം കുരുക്കിലായിത്തീരുകയും, നിർമ്മലമായ വചനമനുസരിച്ച് വേദപുസ്തകം പൂർണ്ണമായി മനസ്സിലാക്കുവാൻ കഴിയാതിരിക്കുകയും ചെയ്യും. ദൈവം വെളിച്ചമാണെന്നും കുഞ്ഞാട് വിളക്കാണെന്നും വേദപുസ്തകം വെളിപ്പെടുത്തുന്നു. ഒടുവിൽ, വെളിച്ചം വിളക്കിലായതുകൊണ്ട്, അവ രണ്ട് അസ്തിത്വങ്ങളല്ല, അവ രണ്ടു ഭാവങ്ങളിലുള്ള ഒരു അസ്തിത്വമാണ്. വേണ്ടുംവണ്ണം ത്രിത്വത്തെ പ്രകടമാക്കുവാനുള്ള പദസഞ്ചയമോ സാങ്കേതിക ഭാഷയോ നമുക്കില്ലാത്തതു കൊണ്ട്, മാനുഷികഭാഷയിൽ ത്രിത്വത്തെ വിശദീകരിക്കുവാൻ പ്രയാസമാണ്. നമുക്ക് ശരിയായ പദങ്ങളില്ലെങ്കിലും, വെളിച്ചമായ ദൈവത്തിന്റെയും, വിളക്കായ കുഞ്ഞാടെന്ന ക്രിസ്തുവിന്റെയും ഒരു ചിത്രം നമുക്കുണ്ട്. രണ്ടുപേരും ഒരു സിംഹാസനത്തിൽ ഇരിക്കുന്നുവെന്നത് അവർ രണ്ടല്ല, ഒന്നാണെന്ന് ചൂണ്ടിക്കാണിക്കുന്നു.

സിംഹാസനത്തിൽ ഇരിക്കുന്നവൻ സൃഷ്ടിച്ചവനായ ദൈവവും വീണ്ടെടുത്തവനായ കുഞ്ഞാടും ആണ്. അതുകൊണ്ട്, നമുക്ക് അവനെ കുഞ്ഞാടു-ദൈവം എന്നു വിളിക്കാം. അവൻ വീണ്ടെടുക്കുന്ന ദൈവമാണെന്ന് ഇത് അർഥമാക്കുന്നു. വീണ്ടെടുക്കുന്നവനായ ഈ ദൈവം തന്റെ എല്ലാ വീണ്ടെടുക്കപ്പെട്ടവരിലേക്കും അവനെത്തന്നെ പകരേണ്ടതിന് അവന്റെ ഭരണനിർവഹണത്തിന്റെ സിംഹാസനത്തിലാണ്.

## B. സ്വർണ്ണമലയുടെ മുകളിൽ

യെരൂശലേമിലുള്ള സിംഹാസനം സ്വർണ്ണമലയുടെ കൊടുമുടിയിലാണ്. ഈ നഗരത്തിലുള്ള ഏക വീഥി അന്തിമമായി സിംഹാസനത്തിലേക്ക് നയിക്കുന്നു. ദൈവത്തെ മനുഷ്യനിലേക്കു കൊണ്ടുവരുന്നതിന് കർത്താവായ യേശു തന്റെ സിംഹാസനത്തിൽനിന്നും ഭൂമിയിലേക്ക് ഇറങ്ങിവന്നു. ഇത് മനുഷ്യവർഗത്തിലേക്ക് എത്തിച്ചേരേണ്ടതിന് ത്രിയേക ദൈവം അവനിൽനിന്നുതന്നെ പുറത്തുവരുന്നതാണ്. അവനെ നാം നമ്മിലേക്ക് സ്വീകരിച്ചപ്പോൾ നാം അവനിലേക്ക് സ്ഥാനമേറ്റു.

സ്നാനം ത്രിയേക ദൈവത്തിലേക്കുള്ള യഥാർഥ പ്രവേശനവും (മത്താ. 28:19), ത്രിയേക ദൈവത്തിലേക്കുള്ള പ്രവേശനം പുതിയ യെരൂശലേമിലേക്കുള്ള പ്രാരംഭ പ്രവേശനവും ആണ്. മുത്തുകവാടങ്ങളിലൂടെ നാം കടന്നുപോയാലുടനെ മുകളിൽ ദൈവത്തിന്റെ സിംഹാസനത്തിലേക്ക് നമ്മെ നയിക്കുന്ന പൊൻവീഥിയിൽ നാം ആയിരിക്കും.

## C. ജീവസഹായത്തിന്റെ നിസ്തുല ഉറവിടമായി

പുതിയ യെരൂശലേമിന്റെ മധ്യത്തിലുള്ള ദൈവസിംഹാസനം ജീവസഹായത്തിന്റെ നിസ്തുലമായ ഉറവിടമാണ്. അവന്റെ ഭരണനിർവഹണത്താലാണ് ജീവനായും, ജീവസഹായമായും, നിത്യമായതും പൂർണ്ണമായതും സർവവും ഉൾക്കൊള്ളുന്നതുമായ കൃപയായും ദൈവം അവനെത്തന്നെ നമ്മിലേക്കു പകരുന്നത്. നമ്മിലേക്കുള്ള അവന്റെതന്നെ പകർച്ച അവന്റെ ഭരണനിർവഹണത്തെ ആശ്രയിച്ചിരിക്കുന്നു. ഇക്കാരണത്താൽ, ഇന്ന് സഭാജീവിതത്തിൽ ദിവ്യാധികാരവും സഭാഭരണവും ഉണ്ട്. ഇന്ന് സഭാജീവിതത്തിൽ ഒരു ദിവ്യഭരണമുണ്ട്; ഈ ഭരണം ദൈവസിംഹാസനത്തിൽനിന്നു വരുന്നു. സഭയിലുള്ള ദിവ്യാധികാരം ജീവനായും, ജീവസഹായമായും, സർവത്തിനും മതിയായ കൃപയായും, ദൈവത്തെ നമ്മിലേക്കു പകരുന്നതിനു വേണ്ടിയാണ്. ദൈവത്തിന്റെ അധികാരത്തിന്, ദൈവത്തിന്റെ ഭരണത്തിന്, നമ്മെ കീഴ്പ്പെടുത്തുന്നതിലൂടെ മാത്രമേ അവന്റെ സർവത്തിനും മതിയായ കൃപയിൽ പങ്കുള്ളവരായിരിക്കുവാൻ നമുക്ക് കഴിയുകയുള്ളൂ.

## D. തലയായ്മയുടെ ദിവ്യാധികാരത്തോടുകൂടെ

പുതിയ യെരൂശലേമിന്റെ മധ്യത്തിലുള്ള ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം ക്രിസ്തുവിലുള്ള ദൈവത്തിന്റെ തലയായ്മയുടെ ദിവ്യാധികാരത്തെ പ്രതീകവൽക്കരിക്കുന്നു. ജീവസഹായം ഈ അധികാരത്തിൽനിന്ന് പുറത്തേക്ക് ഒഴുകുകയും, ജീവസഹായത്തിന്റെ ആസ്വാദനം ഈ അധികാരത്തിൻകീഴിൽ നമ്മെ കൊണ്ടുവരുകയും ചെയ്യുന്നു. ജീവജലത്തിന്റെ ഒഴുക്ക് നമുക്ക് ജീവസഹായം നല്കുക മാത്രമല്ല, നമ്മെ ദിവ്യാധികാരത്തിലേക്ക് കൊണ്ടുവരുകയും ചെയ്യുന്നു. ജീവജലത്തിന്റെ ഒഴുക്കിൽ ജീവനിലുള്ള കൂട്ടായ്മയോടുകൂടെ ജീവസഹായവും ദിവ്യാധികാരവും ഉണ്ട്. ജീവസഹായത്തിൽ നാം പങ്കുകൊള്ളുമ്പോൾ ജീവന്റെ കൂട്ടായ്മയിലുള്ള ദൈവത്തിന്റെ അധികാരത്തിൻകീഴിൽ നാം കൊണ്ടുവരപ്പെടുന്നു.

മറ്റുള്ളവരുടെമേൽ തങ്ങളെത്തന്നെ ഒരു അധികാരിയാക്കുവാൻ സഹോദരൻ വാച്ച്മാൻ നീയുടെ *ആത്മിക അധികാരം* എന്ന

പുസ്തകം ചില ക്രിസ്ത്യാനികൾ ഉപയോഗിക്കുന്നു എന്നതിൽ എനിക്ക് സങ്കടമുണ്ട്. ഇത്തരത്തിലുള്ള അധികാരം സ്വയം ഏറ്റെടുക്കപ്പെട്ടതാണ്. നിർവ്യാജമായ അധികാരം ദൈവവുമായുള്ള ജീവന്റെ കൂട്ടായ്മയിൽ ജീവസഹായം ആസ്വദിക്കുന്നതിലൂടെ, പുതിയ യെരൂശലേമിന്റെ മധ്യത്തിലുള്ള ദൈവത്തിന്റെ ഭരണനിർവഹണത്തിന്റെ സിംഹാസനത്തിൽനിന്നു വരുന്നു.

## XIX. അതിന്റെ ജീവസഹായം

### A. ജീവജലനദി

സിംഹാസനത്തിലിരിക്കുന്ന വീണ്ടെടുക്കുന്ന ദൈവം എങ്ങനെയാണ് അവനെത്തന്നെ തന്റെ വീണ്ടെടുക്കപ്പെട്ടവരിലേക്കു പകരുന്നതെന്ന് ഇനി നമുക്കു ചിന്തിക്കാം. ദൈവം അവനെത്തന്നെ നമ്മിലേക്കു പകരുന്നത് സിംഹാസനത്തിൽനിന്നു പുറപ്പെടുന്ന നദി എന്ന മുഖാന്തരത്താലാണ്. വാക്യം 1 അനുസരിച്ച്, ഈ നദിയെ "ജീവജലനദി" എന്നു വിളിക്കുന്നു. ഉല്പത്തി 2:10-14-ലും, സങ്കീർത്തനം 46:4-ലും, യെഹെസ്കേൽ 47:5-9-ലുമുള്ള നദികളാൽ മുൻകുറിക്കപ്പെടുന്നതുപോലെ, നദി ജീവന്റെ സമൃദ്ധിയെ അതിന്റെ ഒഴുക്കിൽ സൂചിപ്പിക്കുന്നു. ഉല്പത്തി 2:10-14-ലെ ഒരു നദിയുടെ നാലു ശാഖകൾപോലെ, ഒരു നദിയാണ് വിശുദ്ധനഗരത്തിന്റെ നാലു ദിക്കുകളിലൂടെയും ഒഴുകുന്നത്. ഈ ഒരു നദി യോഹന്നാൻ 7:38-ൽ സൂചിപ്പിക്കുന്നതുപോലെ, അതിന്റെ സമ്പന്നതയോടുകൂടെ നമ്മുടെ അനുഭവത്തിൽ നിരവധി നദികളായിത്തീരുന്നു.

ദൈവം ക്രിസ്തുവിൽ ആത്മാവായി അവനെത്തന്നെ തന്റെ വീണ്ടെടുക്കപ്പെട്ട ജനത്തിലേക്ക് അവരുടെ ജീവനും ജീവസഹായവുമായി ഒഴുകുന്നതിന്റെ ഒരു പ്രതീകമാണ് ജീവജലനദി. ഇത് അടിക്കപ്പെട്ട പാറയിൽനിന്നു വന്ന വെള്ളത്താൽ മുൻകുറിക്കപ്പെട്ടതുപോലെയും (പുറ. 17:6; സംഖ്യ. 20:11), കർത്താവായ യേശുവിന്റെ തുളയ്ക്കപ്പെട്ട പാർശ്വത്തിൽനിന്ന് പുറത്തേക്ക് ഒഴുകിയ വെള്ളത്താൽ പ്രതീകവൽക്കരിച്ചിരിക്കുന്നതുപോലെയും ആണ് (യോഹ. 19:34). ഇവിടെ, ഈ ജീവജലം മുഴുവൻ പുതിയ യെരൂശലേമിനും സഹായമെത്തിക്കുവാനും അതിനെ സാന്ദ്രീകരിക്കുവാനുമായി ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്നു പുറപ്പെടുന്ന ഒരു നദിയായിത്തീരുന്നു. അങ്ങനെ, അത് ദൈവത്തെ അവന്റെ ജീവന്റെ തേജസ്സിൽ ആവിഷ്കരിക്കുവാൻ ദിവ്യജീവനാൽ നിറയപ്പെട്ടിരിക്കുന്നു.

ഈ നദിയെ നാം കൂടുതൽ വിശദമായി കാണേണ്ടത് ആവശ്യമാണ്. ഉല്പത്തി 2:10 പറയുന്നു, "തോട്ടം നനയ്ക്കുവാൻ ഒരു നദി ഏദെനിൽനിന്നു പുറപ്പെട്ടു; അത് അവിടെനിന്ന്

നാലു ശാഖകളായി പിരിഞ്ഞു." ഈ വാക്യമനുസരിച്ച്, ഒരു നദി അവസാനം ഭൂമിയുടെ നാലു ദിക്കുകളിലേക്കും എത്തിച്ചേരുന്ന നാലു ശാഖകളായിത്തീർന്നു. ഈ നദിയെ സംബന്ധിച്ച് പഴയനിയമത്തിൽ മറ്റു നിരവധി പരാമർശങ്ങൾ ഉണ്ട്. സങ്കീർത്തനം 46:4 പറയുന്നു, "ഒരു നദി ഉണ്ട്; അതിന്റെ തോടുകൾ ദൈവനഗരത്തെ, അത്യുന്നതന്റെ വിശുദ്ധ നിവാസത്തെത്തന്നെ സന്തോഷിപ്പിക്കുന്നു." യെഹെസ്കേൽ 47-ൽ ആലയത്തിന്റെ ഉമ്മരപ്പടിയുടെ കീഴെനിന്നും പുറപ്പെടുന്ന വെള്ളം "നീന്തിയിട്ടല്ലാതെ കടക്കുവാൻ കഴിയാത്ത ഒരു നദിയായിത്തീർന്നു" (വാ. 5). "ഈ നദി ചെന്നു ചേരുന്നേടത്തൊക്കെയും സകലവും ജീവിക്കും" എന്ന് അതേ അധ്യായത്തിന്റെ വാക്യം 9 പറയുന്നു.

പുതിയനിയമത്തിലും ഈ നദിയെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. യിസ്രായേൽമക്കളെയും മരുഭൂമിയിൽ അവർ അലഞ്ഞുനടന്നതിനെയുംകുറിച്ചു സംസാരിച്ചുകൊണ്ട് 1 കൊരിന്ത്യർ 10:4 പറയുന്നു, "എല്ലാവരും ഒരേ ആത്മിക പാനീയം കുടിച്ചു; അവർ തങ്ങളെ പിന്തുടർന്ന ആത്മിക പാറയിൽ നിന്ന് കുടിച്ചു, ആ പാറ ക്രിസ്തു ആയിരുന്നു." തങ്ങളുടെ ദാഹംനിമിത്തം യിസ്രായേൽമക്കൾ പിറുപിറുത്തപ്പോൾ പാറയെ അടിക്കുവാനും, ജനത്തിനു കുടിക്കുവാനുള്ള വെള്ളം പാറയിൽനിന്നു വരുമെന്നും ദൈവം മോശെയോടു പറഞ്ഞു (പുറ. 17:1-6). മോശെ അങ്ങനെ ചെയ്യുകയും കർത്താവ് "പാറയിൽനിന്ന് ഒഴുക്കുകളെ പുറപ്പെടുവിക്കുകയും വെള്ളം നദികളെപ്പോലെ ഒഴുകുമാറാക്കുകയും ചെയ്തു" (സങ്കീ. 78:16). അടിക്കപ്പെട്ട പാറയിൽനിന്നു പുറപ്പെട്ട വെള്ളം ജീവൻ നല്കുന്ന ആത്മാവിന്റെ ഒരു മുൻകുറിയായിരുന്നു. ഈ ആത്മാവിനെക്കുറിച്ച് കർത്താവായ യേശു യോഹന്നാന്റെ സുവിശേഷത്തിൽ സംസാരിച്ചു. ജീവജലം നല്കുന്നവൻ താനായിരുന്നുവെന്ന് യോഹന്നാൻ 4:10-ൽ കർത്താവ് ശമര്യക്കാരി സ്ത്രീയോടു സൂചിപ്പിക്കുകയും, വാക്യം 14-ൽ "ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളത്തിൽനിന്ന് കുടിക്കുന്ന ഏവനും ഒരുവിധത്തിലും ഒരുനാളും ദാഹിക്കയില്ല; എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളം അവനിൽ നിത്യജീവനിലേക്ക് പ്രവഹിച്ചുയരുന്ന നീരുറവയായിത്തീരും" എന്ന് അവൻ അവളോടു പറയുകയും ചെയ്തു. അതുകൂടാതെ, യോഹന്നാൻ 7:37-ലും 38-ലും കർത്താവായ യേശു പറഞ്ഞു, "ദാഹിക്കുന്നവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. തിരുവെഴുത്തു പറഞ്ഞതുപോലെ, എന്നിലേക്കു വിശ്വസിക്കുന്നവന്റെ ഏറ്റവും ഉള്ളിലെ ആളത്തത്തിൽനിന്ന് ജീവജലനദികൾ ഒഴുകും." ഒരു നദി അനേകം നദികളായിത്തീരുന്നുവെന്ന് ഇവിടെ നാം കാണുന്നു. ജീവജലത്തിന്റെ നദികൾ നിസ്തുലമായ ജീവജലനദിയുടെ ജീവന്റെ വ്യത്യസ്ത ഭാവങ്ങളുടെ നിരവധി ഒഴുക്കുകളാണ്, അത് ദൈവത്തിന്റെ ജീവന്റെ

ആത്മാവാണ് (റോമ. 15:30; 1 തെസ്സ. 1:6; 2 തെസ്സ. 2:13; ഗലാ. 5:22-23; റോമ. 8:2 കാണുക). അങ്ങനെ, 22:1-ൽ പറഞ്ഞിരിക്കുന്ന ജീവജലനദിയുടെ പൊരുൾ നാം അറിയണമെങ്കിൽ, നദിയെന്ന ഈ വിഷയത്തെ സംബന്ധിച്ച തിരുവെഴുത്തുകളിലുടനീളമുള്ള ആരംഭവും വികാസവും നാം പിന്തുടരണം.

LD

## *1. കുഞ്ഞാടു-ദൈവത്തിന്റെ സിംഹാസനത്തിൽനിന്നു പുറപ്പെടുന്നു*

ജീവജലനദി കുഞ്ഞാടു-ദൈവത്തിന്റെ സിംഹാസനത്തിൽനിന്നു പുറപ്പെടുന്നുവെന്ന് നാം കണ്ടു. ഈ നദി ജീവൻ നൽകുന്ന ആത്മാവായ ദൈവാത്മാവ് ഒഴുകുന്നതിൽ കുറഞ്ഞതൊന്നുമല്ല. 22:1-ൽ നാം ത്രിയേക ദൈവത്തെ—ദൈവത്തെയും, കുഞ്ഞാടിനെയും, നദിയെയും—കാണുന്നു. പിതാവായ ദൈവം സ്രോതസ്സും, പുത്രനായ കുഞ്ഞാട് വീണ്ടെടുപ്പുകാരനും, നദി ആത്മാവും ആണ്. ഇക്കാരണത്താൽ, നമുക്ക് സ്രോതസ്സായി പിതാവും, ഗതിയായി പുത്രനും, ഒഴുക്കായി ആത്മാവും ഉണ്ട്. അതുകൊണ്ട്, 22:1-ൽ നാം ത്രിയേക ദൈവത്തിന്റെ ഒഴുക്ക് കാണുന്നു. ഇത് ത്രിയേക ദൈവം നമ്മിലേക്ക് ഒഴുകുന്നതിന്റെ ഒരു ചിത്രമാണ്. അവൻ അവനിൽനിന്ന് അവനെത്തന്നെ തന്റെ വീണ്ടെടുക്കപ്പെട്ടവരിലേക്ക് പുറത്തേക്ക് ഒഴുകുന്നു. നമ്മിലേക്കുള്ള ത്രിയേക ദൈവത്തിന്റെ ഈ പകർച്ച ദൈവത്തിന്റെ ഭരണനിർവഹണ സിംഹാസനത്തിൽനിന്നു പുറപ്പെട്ടുവരുന്നു. ദൈവത്തിന്റെ പകർച്ച അവന്റെ ഭരണനിർവഹണത്തെ ആശ്രയിച്ചിരിക്കുന്നുവെന്ന് ഇത് അർഥമാക്കുന്നു. ഇന്ന് സഭാജീവിതത്തിൽ ഇത് സത്യമാണ്. ജീവസഹായത്തിന്റെ പകർച്ചയും ദൈവത്തിന്റെ സകലത്തിനുംമതിയായ കൃപയും ദൈവത്തിന്റെ ഭരണനിർവഹണ സിംഹാസനത്തിൽനിന്ന് പുറപ്പെട്ടു വരുന്നു. ഒടുവിൽ, പുതിയ യെരൂശലേമിൽ ഈ പകർച്ച നഗരത്തിന്റെ ഓരോ ഭാഗത്തിലും എത്തുകയും, മുഴുവൻ നഗരവും ത്രിയേക ദൈവത്തെക്കൊണ്ട് നിറഞ്ഞും, സാന്ദ്രീകരിക്കപ്പെട്ടും, അഭിവ്യാപിച്ചും ഇരിക്കും. ഈ രീതിയിൽ നഗരം ദൈവത്തെ ആവിഷ്കരിക്കും.

ഞാൻ ചെറുപ്പമായിരുന്നപ്പോൾ, എനിക്ക് വെളിപ്പാട് 22:1 മനസ്സിലാക്കുവാൻ കഴിഞ്ഞിരുന്നില്ല. ഞാൻ ഒരു നദിയെയും ഒരു സിംഹാസനത്തെയുംകുറിച്ച് വായിച്ചുവെങ്കിലും, അവ എന്താണ് അർഥമാക്കിയതെന്ന് എനിക്ക് യാതൊരു ആശയവും ഉണ്ടായിരുന്നില്ല. ആ സമയത്ത് നദി ഒരു സർപ്പിളമാണെന്നുപോലും ഞാൻ മനസ്സിലാക്കിയിരുന്നില്ല. ഞാൻ യാതൊന്നും കണ്ടിട്ടില്ലാത്തതുകൊണ്ട്, എനിക്ക് യാതൊന്നും മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. ക്രമേണ, നാല്പതിലധികം വർഷങ്ങളുടെ അനുഭവത്തിലൂടെ വീണ്ടെടുക്കുന്ന ദൈവത്തിന്റെ

സിംഹാസനത്തിൽനിന്നു പുറപ്പെടുന്ന ജീവജലനദിയുടെ പൊരുൾ ഞാൻ മനസ്സിലാക്കുവാൻ ഇടവന്നു. എന്റെ വീണ്ടെടുപ്പുകാരനായ ദൈവത്തിന് എന്നെ സമർപ്പിക്കുകയും, എന്റെ തലയായി അവനെ എടുക്കുവാൻ ഇച്ഛിക്കുകയും ചെയ്യപ്പോഴെല്ലാം, ഉടനെതന്നെ ജീവനുള്ള ഒന്ന് എന്റെ ഉള്ളിൽ ഒഴുകുന്നതായി ഞാൻ അനുഭവിച്ചുവെന്ന് എന്റെ അനുഭവത്തിലൂടെ ഞാൻ കണ്ടു. ഇത് ഒരു ഉപദേശമോ ഒരു വ്യാഖ്യാനമോ ആയിരുന്നില്ല; ഇത് ആകമാനം ഒരു അനുഭവമായിരുന്നു. "ഇപ്പോൾ വെളിപ്പാട് 22:1 ഞാൻ മനസ്സിലാക്കുന്നു. ഒരു സിംഹാസനം എന്റെ ഉള്ളിലുണ്ട്. ഈ സിംഹാസനത്തിന്റെ അധികാരത്തിനും തലയായ്മയ്ക്കും ഞാൻ എന്നെത്തന്നെ കീഴ്പ്പെടുത്തുന്നതുകൊണ്ട്, എന്റെ ഉള്ളിൽ ചിലത് ഒഴുകിക്കൊണ്ടിരിക്കുന്നു" എന്ന് ഒരു ദിവസം എനിക്കു പറയുവാൻ കഴിഞ്ഞു. വീണ്ടെടുക്കുന്ന ദൈവത്തിന്റെ സിംഹാസനത്തിൽനിന്ന് ഒഴുകുന്ന ജീവജലനദിയുടെ ഈ ചിത്രം നമ്മുടെ വീണ്ടെടുക്കുന്ന ദൈവത്തെ നമ്മുടെ തലയായും നമ്മുടെ അധികാരമായും എടുത്ത് അവന്റെ തലയായ്മയ്ക്ക് നാം കീഴ്പ്പെടണമെന്ന് നമുക്കു കാണിച്ചുതരുന്നു. നാം ഇതു ചെയ്യുന്നുവെങ്കിൽ, അവന്റെ സിംഹാസനം നമ്മുടെ ആത്മാവിലും, നമ്മുടെ മുഴുവൻ ആളത്തത്തിൽപോലും സ്ഥാപിക്കപ്പെടുന്നു. സ്ഥാപിക്കപ്പെട്ട ഈ സിംഹാസനത്തിൽനിന്ന് ജീവൻനൽകുന്ന ആത്മാവ് നമ്മുടെ ഉള്ളിൽ ഒഴുകുന്നു. നാം അവന്റെ സാക്ഷാൽ ആവിഷ്കാരമായിരിക്കേണ്ടതിന് അവനാൽത്തന്നെ സാന്ദ്രീകരിക്കപ്പെട്ടും അഭിവ്യാപിക്കപ്പെട്ടും ഇരിക്കേണ്ടതിന് തന്റെ വീണ്ടെടുക്കപ്പെട്ട എല്ലാവരിലേക്കും അവനെത്തന്നെ പകരുന്നതിനുവേണ്ടി അവന്റെ തലയായ്മയോടു കൂടെയുള്ള ദൈവത്തിന്റെ ഭരണനിർവഹണത്തിന്റെ കേന്ദ്രമാണ് ഈ സിംഹാസനം.

## 2. അതിന്റെ വീഥിയുടെ നടുവിൽ ഒഴുകുന്നു

ഈ ജീവജലനദി പുതിയ യെരൂശലേമിന്റെ വീഥിയുടെ·നടുവിൽ ഒഴുകുന്നു. വിശുദ്ധനഗരത്തിന്റെ വീഥി ദിവ്യപ്രകൃതത്തെ പ്രതീകവൽക്കരിക്കുന്ന സ്വർണ്ണമാണ് (21:21). ജീവജലനദി വീഥിയുടെ നടുവിൽ ഒഴുകിക്കൊണ്ടിരിക്കുന്നു എന്നത് ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ട ജനത്തിന്റെ ദൈനംദിന ജീവിതത്തിനുവേണ്ടിയുള്ള നിസ്തുലമായ വഴിയെന്ന നിലയിൽ ദിവ്യപ്രകൃതത്തിൽ ദിവ്യജീവൻ ഒഴുകുന്നു എന്ന് സൂചിപ്പിക്കുന്നു. എവിടെ ദിവ്യജീവൻ ഒഴുകുന്നുവോ അവിടെ വിശുദ്ധവഴിയെന്ന നിലയിൽ തന്റെ ജനം നടക്കുന്നതായ ദിവ്യപ്രകൃതമുണ്ട്; എവിടെ ദിവ്യപ്രകൃതം എന്ന വിശുദ്ധ വഴിയുണ്ടോ അവിടെ ദിവ്യജീവൻ ഒഴുകിക്കൊണ്ടിരിക്കുന്നു. വിശുദ്ധവഴിയെന്ന നിലയിൽ ദിവ്യജീവനും ദിവ്യപ്രകൃതവും എപ്പോഴും ഒരുമിച്ചുപോകുന്നു. അങ്ങനെ, ജീവജലനദി ഈ

ദിവ്യ വഴിയിലൂടനീളം ലഭ്യമായിരിക്കുകയും, ദിവ്യവഴിയിൽ നടക്കുന്നതിലൂടെ നാം അത് ആസ്വദിക്കുകയും ചെയ്യുന്നു.

### *3. പളുങ്കുപോലെ ശുദ്ധം*

ജീവജലനദി പളുങ്കുപോലെ ശുഭ്രമാണെന്നും വാക്യം 1 പറയുന്നു. ജീവജലനദി പളുങ്കുപോലെ ശുഭ്രമാണെന്ന വസ്തുത അർഥമാക്കുന്നത് അതിന് യാതൊരു മങ്ങലോ അതാര്യതയോ ഇല്ല എന്നാണ്. ഈ ജീവജലം നമ്മിൽ ഒഴുകുമ്പോൾ, അതു നമ്മെ നിർമ്മലീകരിക്കുകയും, നമ്മെ സുതാര്യരാക്കുകയും ചെയ്യുന്നു. നമ്മുടെ ഉള്ളിലെ ജീവന്റെ ഒഴുക്കിനേക്കാൾ സ്വച്ഛമായ മറ്റൊന്നുമില്ല. നിങ്ങൾ ഒരു സൂപ്പർമാർക്കറ്റിൽ സാധനങ്ങൾ വാങ്ങുന്നുവെന്നു ചിന്തിക്കുക. ദിവ്യജീവന്റെ ആന്തരിക നിയന്ത്രണത്തിന് നിങ്ങൾ "ആമേൻ" പറയുമ്പോഴെല്ലാം നിങ്ങൾ ബലപ്പെടുത്തപ്പെടുകയും, നനയ്ക്കപ്പെടുകയും, ഉന്മേഷമുള്ളവരാക്കപ്പെടുകയും ചെയ്യുമെന്നു മാത്രമല്ല, നിങ്ങൾ പളുങ്കുപോലെ തെളിഞ്ഞവരായിത്തീരുകയും ചെയ്യും. ഒരു കാര്യത്തെക്കുറിച്ചു മാത്രമല്ല, വാസ്തവത്തിൽ സകലത്തെക്കുറിച്ചും നിങ്ങൾ വ്യക്തത ഉള്ളവരായിരിക്കും.

എത്രയധികം ജീവജലം നമ്മുടെ ഉള്ളിൽ ഒഴുകുന്നുവോ, അത്രയുമധികം അത് നമ്മുടെ കാഴ്ചയെ മറയ്ക്കുന്ന കാര്യങ്ങളെ വഹിച്ചുകൊണ്ടുപോകുന്നു. അത് നമുക്ക് സ്പഷ്ടമായ ഉൾക്കാഴ്ച നല്കുകയും, അത് നമ്മുടെ ആളത്തത്തെയും, നമ്മുടെ സാഹചര്യത്തെയും, നാമുമായി ബന്ധപ്പെട്ട സകലത്തെയും പളുങ്കുപോലെ തെളിഞ്ഞതാക്കുകയും ചെയ്യും. തിരുവെഴുത്തുകൾ വായിക്കുന്നതിലൂടെ തങ്ങൾക്ക് ദൈവത്തിന്റെ ഹിതം അറിയുവാൻ കഴിയുമെന്ന് നിരവധി ക്രിസ്ത്യാനികളോടു പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ കാലങ്ങളിൽ ഈ രീതിയിൽ ദൈവത്തിന്റെ ഹിതം അറിയുവാൻ ഞാൻ ശ്രമിച്ചു. എന്നാൽ ഞാൻ എത്രയധികം തിരുവെഴുത്തുകൾ വായിച്ചുവോ, അത്രയുമധികം ഞാൻ കുരുടനായിത്തീർന്നു; കാരണം എന്റെ വേദപുസ്തക വായനയിൽ തിരുവെഴുത്തുകൾ എന്താണ് പറയുന്നതെന്നോ ഞാൻ എന്തു ചെയ്യണമെന്നാണ് അവ പറയുന്നതെന്നോ വിശകലനം ചെയ്യുവാൻ എന്റെ ചിന്താഗതിയെ ഞാൻ വ്യായാമംചെയ്യുകയായിരുന്നു. നമ്മിൽ അനേകംപേർക്കും ഇത്തരത്തിലുള്ള അതേ അനുഭവം ഉണ്ടായിട്ടുണ്ട്. നാം എത്രയധികം വേദപുസ്തകത്തെ വിശകലനം ചെയ്തുവോ, അത്രയുമധികം നാം കുരുടരായിരുന്നു. തിരുവെഴുത്തുകൾ വിശകലനം ചെയ്യുന്നതിലൂടെ ദൈവത്തിന്റെ ഹിതം അറിയുവാൻ നാം ശ്രമിക്കുന്നതിനു പകരം, നാം പറയണം, "കർത്താവായ യേശുവേ, ഞാൻ നിന്നെ സ്നേഹിക്കുകയും, നിന്റെ തലയായ്മയ്ക്കും അധികാരത്തിനും ഞാൻ കീഴ്പ്പെടുകയും

ചെയ്യുന്നു. കർത്താവേ, എന്റെ മുഴുവൻ ആളത്തത്തിലും നിന്റെ സിംഹാസനം സ്ഥാപിക്കേണമേ." നിങ്ങൾ ഇതു ചെയ്യുന്നുവെങ്കിൽ, പെട്ടെന്നുതന്നെ നിങ്ങൾ ആന്തരിക ഒഴുക്ക് ആസ്വദിക്കുകയും, ഈ ഒഴുക്ക് ദിവ്യജീവനിൽ നിങ്ങളെ പളുങ്കുപോലെ തെളിഞ്ഞ വരാക്കിത്തീർക്കുകയും ചെയ്യും. നിങ്ങളോടും, നിങ്ങളുടെ സാഹചര്യത്തോടും, നിങ്ങളുടെ അവസ്ഥയോടും ബന്ധപ്പെട്ട സകലതും സുതാര്യമായിത്തീരും. നമ്മുടെ അനുഭവം ഇതു സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

നിരവധി യുവാക്കൾ വിവാഹത്തിന്റെ വിഷയത്തെക്കുറിച്ച് വളരെ ഉത്കണ്ഠയുള്ളവരും, ഈ വിഷയത്തെ സംബന്ധിച്ച് കർത്താവിന്റെ ഹിതം അറിയുവാൻ ആഗ്രഹിക്കുന്നവരും ആണ്. ഒന്നാമതായി, അവർക്കുവേണ്ടി കർത്താവ് ഒരുക്കിയിട്ടുള്ള വ്യക്തിയെ അവർക്ക് കാണിച്ചുകൊടുക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് അവർ അതിനെക്കുറിച്ചു പ്രാർഥിക്കുന്നു. അതിനുശേഷം കൂട്ടായ്മയ്ക്കുവേണ്ടി അവർ മൂപ്പന്മാരുടെ അടുക്കൽ വരുന്നു. പ്രായം, വിദ്യാഭ്യാസം, വംശം, കുടുംബപശ്ചാത്തലം, സഹജസ്വഭാവം, ആത്മികത എന്നിവയെക്കുറിച്ചുള്ള നിരവധി തത്ത്വങ്ങൾ മൂപ്പന്മാർ അവർക്കു നല്കും. നാല്പതിലധികം വർഷങ്ങൾക്കു മുമ്പ്, ഇങ്ങനെയുള്ള തത്ത്വങ്ങൾ നല്കുന്നതിൽ ഞാൻ ഒരു വിദഗ്ദ്ധനായിരുന്നു. വിവാഹത്തെക്കുറിച്ച് ഒരു യുവാവ് എന്റെ ഉപദേശം എപ്പോഴൊക്കെ ആരാഞ്ഞുവോ, അപ്പോഴെല്ലാം അവന്റെ പരിഗണനയ്ക്കുവേണ്ടി ഞാൻ ഈ കാര്യങ്ങൾ ചൂണ്ടിക്കാണിച്ചു. അവൻ വടക്കുനിന്നുള്ളവൻ ആയിരുന്നുവെങ്കിൽ, അവർ തമ്മിലുള്ള വ്യത്യാസങ്ങൾമൂലം അവൻ തെക്കുനിന്നുള്ള ഒരു വ്യക്തിയെ വിവാഹം ചെയ്യരുതെന്നുപോലും ഞാൻ ഉപദേശിക്കുമായിരുന്നു. കൂടാതെ, അവന്റെ അതേ സഹജസ്വഭാവമുള്ള ഒരു വ്യക്തിയുമായി വിവാഹം കഴിക്കുവാൻ ഞാൻ അവനെ പ്രോത്സാഹിപ്പിക്കും. അവൻ പെട്ടെന്ന് കാര്യങ്ങൾ ചെയ്യുന്ന ഒരു വ്യക്തിയാണെങ്കിൽ, കാര്യങ്ങൾ മെല്ലെ ചെയ്യുന്ന ഒരു സഹോദരിയെ വിവാഹംചെയ്യരുതെന്ന് ഞാൻ അവനോടു പറയും. കഴിഞ്ഞ കാലങ്ങളിൽ, ഞാൻ വിശേഷാൽ വശപ്പെടുത്തുന്നവനായിരുന്നു, അങ്ങനെ യുവാക്കൾ എന്നോടു യോജിക്കുമായിരുന്നു. എന്നാൽ ഞങ്ങൾ യഥാർഥ സാഹചര്യത്തിലായിരുന്നപ്പോൾ, തത്ത്വങ്ങൾക്കനുസരിച്ച് വെറുതെ വിശകലനം ചെയ്യുന്നത് പ്രാവർത്തികമല്ല എന്ന് ഞങ്ങൾ കണ്ടെത്തി. പ്രായം, വിദ്യാഭ്യാസം, വംശം, സഹജസ്വഭാവം, ആത്മികത എന്നിവ അനുസരിച്ച് എത്രയധികം ഞങ്ങൾ വിശകലനം ചെയ്തുവോ, അത്രയുമധികം ഞങ്ങൾ ആവരണം ചെയ്യപ്പെട്ടു. അനേകം വർഷങ്ങൾക്കുശേഷം, വിവാഹത്തെ സംബന്ധിച്ചുള്ള അവന്റെ ഹിതം അറിയുന്നതിനുള്ള മാർഗം ഈ രീതിയിൽ വിശകലനം ചെയ്യുന്നതല്ലെന്ന് കർത്താവ്

എനിക്കു കാണിച്ചുതന്നു. മറിച്ച്, അത് കേവലം നിങ്ങളെത്തന്നെ അവന്റെ തലയായ്മയ്ക്കു കീഴ്പെടുത്തുന്നതും അവന്റെ ഒഴുക്ക് നിങ്ങളുടെ ഉള്ളിൽ നീങ്ങുവാൻ അനുവദിക്കുന്നതും ആണ്. എത്രയധികം അവന്റെ ഒഴുക്ക് നിങ്ങളുടെ ഉള്ളിൽ നീങ്ങുവാൻ നിങ്ങൾ അനുവദിക്കുമോ, അത്രയുമധികം നിങ്ങൾ പളുങ്കുപോലെ തെളിഞ്ഞവരായിത്തീരും. നാം എല്ലാവരും കർത്താവിന് കീഴ്പെട്ട് ദിവ്യപ്രകൃതത്തിന്റെ സ്വർണ്ണവഴിയിൽ നടക്കണം. സ്വർണ്ണവഴി എന്ന ഒരു വഴി മാത്രമേ ഉള്ളൂ. നാം ക്രിസ്തുവിന്റെ തലയായ്മയിലേക്ക് കീഴ്പെടുകയും, "കർത്താവായ യേശുവേ, നീ എന്റെ തലയും എന്റെ സർവാധികാരിയായ കർത്താവും ആകുന്നു. ഞാൻ എന്നെത്തന്നെ നിനക്കു കീഴ്പെടുത്തുന്നു" എന്നു പറയുകയും വേണം. നാം ഇതു ചെയ്യുമ്പോൾ എന്തൊരു ആന്തരിക ഒഴുക്കായിരിക്കും അവിടെ ഉണ്ടായിരിക്കുക! എന്തൊരു ആന്തരിക സഹായമായിരിക്കും ഉണ്ടായിരിക്കുക! പെട്ടെന്ന് ഒഴുക്ക് നമ്മെ വ്യക്തത ഉള്ളവരാക്കുകയും, കർത്താവിന്റെ ഹിതത്തെ സംബന്ധിച്ച് നാം ഉറപ്പുള്ളവരാകുകയും ചെയ്യുന്നു. നാം ഇതു ചെയ്യുമ്പോൾ, "എന്റെ കണ്ണിന്മേൽ യാതൊരു മറയും ഇല്ല. സകല മറയും എടുത്തുമാറ്റപ്പെട്ടിരിക്കുകയും ഞാൻ വ്യക്തതയു ള്ളവനായിരിക്കുകയും ചെയ്യുന്നു. മുഴുവൻ സാഹചര്യവും എന്റെ കാഴ്ചയ്ക്ക് പളുങ്കുപോലെ തെളിഞ്ഞതാണ്" എന്നു പറയുവാൻ നമുക്കു കഴിയും. ഇതൊരു ഉപദേശമല്ല, ഇതൊരു അനുഭവമാണ്. അനുഭവത്തിലൂടെ മാത്രമേ നമുക്കിതു മനസ്സിലാക്കുവാൻ കഴിയുകയുള്ളൂ.

## *4. തികച്ചും സൗജന്യം*

ജീവജലനദിയിലെ വെള്ളം തികച്ചും സൗജന്യമാണ് (22:17; 21:6). അതിൽനിന്ന് കുടിക്കുന്നതിനായി നാം യാതൊരു വിലയും നല്കേണ്ട ആവശ്യമില്ല. ജീവജലം സൗജന്യമാണെങ്കിലും, ദിവ്യവഴിയിൽ മാത്രമാണ് അത് സൗജന്യം. മറ്റൊരിടത്തും അത് ലഭ്യമല്ല. അങ്ങനെ, ജീവജലത്തിൽ നിന്ന് പങ്കുകൊള്ളുന്നതിനായി നാം ദിവ്യവഴിയിലേക്കു വരണം. ജീവജലത്തിനുവേണ്ടി നിങ്ങൾ യാതൊരു വിലയും കൊടുക്കേണ്ട ആവശ്യമില്ലെങ്കിലും, നിങ്ങൾ പൊൻവീഥിയിലേക്കു കടക്കേണ്ടത് ആവശ്യമാണ്. അതുകൊണ്ട്, ജീവജലത്തിന്റെ ഈ സൗജന്യ ഉപഹാരം സ്വീകരിക്കുവാൻ ആഗ്രഹിക്കുന്ന ഏതൊരുവനും മാനസാന്തരപ്പെടണം. മാനസാ ന്തരപ്പെടുകയെന്നാൽ നിങ്ങളുടെ മനസ്സിന് മാറ്റംവരുത്തുക എന്നാണ്, നിങ്ങളുടെ ജീവിതത്തെ സംബന്ധിച്ച ധാരണയിൽ ഒരു മാറ്റം ഉണ്ടായിരിക്കുക എന്നാണ്. ക്രിസ്ത്യാനികൾക്കുപോലും തങ്ങളുടെ ക്രിസ്തീയനടപ്പു സംബന്ധിച്ച അവരുടെ മനോഭാവത്തിൽ ഒരു മാറ്റം ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്. പൊൻവീഥിയല്ലാത്ത

സകലത്തിൽനിന്നും നാം തിരിയുകയും പൊൻവീഥിയിലേക്കു വരുകയും വേണം. ഇതാണ് മാനസാന്തരത്തിന്റെ ശരിയായ അർഥം. നാം മറ്റെല്ലാറ്റിൽനിന്നും പൊൻവീഥിയിലേക്കു തിരിഞ്ഞതിനുശേഷം നമുക്ക് ജീവജലം സൗജന്യമായി സ്വീകരിക്കുവാൻ കഴിയും. ഇത് അങ്ങനെതന്നെയാണെന്ന് നമുക്കെല്ലാവർക്കും നമ്മുടെ അനുഭവത്തിൽനിന്നു സാക്ഷ്യപ്പെടുത്തുവാൻ കഴിയും.

Mon

## B. ജീവവൃക്ഷം

വാക്യം 2 പറയുന്നു, "നദിയുടെ ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ടായിരുന്നു." ഒരു ജീവവൃക്ഷം നദിയുടെ ഇരുകരകളിലും വളരുന്നുവെന്നത്, ദൈവത്തിന്റെ ജനത്തിന് സ്വീകരിക്കുവാനും ആസ്വദിക്കുവാനുമായി പടർന്നും ജീവജലം ഒഴുകുന്നിടത്തെല്ലാം കടന്നുപോകുന്നതുമായ ഒരു മുന്തിരിവള്ളിയാണ് ജീവവൃക്ഷം എന്നു സൂചിപ്പിക്കുന്നു. ദൈവം ആദിമുതൽ ഉദ്ദേശിച്ചത് നിത്യതയോളം നിറവേറുന്നു (ഉല്പ. 2:9). മനുഷ്യന്റെ വീഴ്ചമൂലം ജീവവൃക്ഷം അവന് അടയ്ക്കപ്പെട്ടിരുന്നു (ഉല്പ. 3:22-24), എന്നാൽ ക്രിസ്തുവിന്റെ വീണ്ടെടുപ്പിനാൽ വിശ്വാസികൾക്ക് അതു തുറക്കപ്പെട്ടു (എബ്രാ. 10:19-20). ഇന്ന് ജീവവൃക്ഷമായ ക്രിസ്തുവിന്റെ ആസ്വാദനം വിശ്വാസികളുടെ പൊതുവായ ഓഹരിയാണ് (യോഹ. 6:35, 57). സഹസ്രാബ്ദരാജ്യത്തിൽ ജയാളികളായ വിശ്വാസികൾ തങ്ങളുടെ പ്രതിഫലമായി ജീവവൃക്ഷമായ ക്രിസ്തുവിനെ ആസ്വദിക്കും (2:7). അവസാനം, പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും, നിത്യതയോളം, ദൈവത്തിന്റെ എല്ലാ വീണ്ടെടുക്കപ്പെട്ടവരും തങ്ങളുടെ നിത്യ ഓഹരിയായി ജീവവൃക്ഷമായ ക്രിസ്തുവിനെ ആസ്വദിക്കും (22:14, 19).

### *1. ജീവസഹായമായ ക്രിസ്തു*

ജീവവൃക്ഷം നമ്മുടെ ജീവസഹായമായ ക്രിസ്തു ആണ്. ഒന്നാമത്, ക്രിസ്തു നമ്മുടെ വീണ്ടെടുപ്പിനു വേണ്ടിയുള്ള ദൈവത്തിന്റെ കുഞ്ഞാടായിരുന്നു (യോഹ. 1:29), അതിനുശേഷം നമ്മുടെ ജീവസഹായത്തിനു വേണ്ടിയുള്ള ജീവവൃക്ഷമായിരിക്കുകയും ചെയ്തു (യോഹ. 6:35). ക്രിസ്തുവിന്റെ വീണ്ടെടുപ്പ് ജീവസഹായമായി നമ്മിലേക്ക് അവനെത്തന്നെ പകരുന്നതിനു വേണ്ടിയായിരുന്നു. അവൻ ദൈവത്തിന്റെ കുഞ്ഞാടു മാത്രമല്ല, ജീവവൃക്ഷവും ആണ്.

### *2. ജീവനദിയുടെ ഇരു കരകളിലും വളരുന്നു*

ജീവവൃക്ഷം ജീവനദിയുടെ ഇരു വശങ്ങളിലും വളരുന്നു. ഇത് മേലോട്ടു പോകുന്നില്ല, പിന്നെയോ ഒരു മുന്തിരിവള്ളിപോലെ പടരുന്നു. ഇക്കാരണത്താൽ ജീവജലം ഒഴുകുന്നിടത്തെല്ലാം ഇത് ലഭ്യമാണ്. ജീവവൃക്ഷമായ ക്രിസ്തു, ജീവജലമായ ആത്മാവിന്റെ

ഒഴുക്കുള്ളിടത്തെല്ലാം ലഭ്യമായ ജീവസഹായമാണ്. ആത്മാവ് എവിടെ ഒഴുകുന്നുവോ, അവിടെ ക്രിസ്തുവിനെ ജീവസഹായമായി കണ്ടെത്താം. ഇതെല്ലാം വീഥിയാൽ സൂചിപ്പിക്കപ്പെടുന്ന നമ്മുടെ വിശുദ്ധവഴിയായ ദിവ്യപ്രകൃതത്തിലും ദിവ്യപ്രകൃതത്തോടുകൂടെയും ഉണ്ട്. ഇതാണ് വിശുദ്ധനഗരത്തിനുള്ള സഹായവും നഗരത്തിന് സഹായം ലഭിക്കുന്ന രീതിയും.

1-ഉം 2-ഉം വാക്യങ്ങളിൽ പറഞ്ഞിരിക്കുന്ന വീഥി, നദി, ജീവവൃക്ഷം എന്നീ മൂന്നു കാര്യങ്ങൾ മനസ്സിലാക്കുവാൻ എനിക്ക് വർഷങ്ങളെടുത്തു. വീഥിയുടെ നടുവിലാണ് നദി; അതിനാൽ, വീഥി സ്വമേധയാ നദിയുടെ രണ്ടു തീരങ്ങളായിത്തീരുന്നു. ജീവവൃക്ഷം നദിയുടെ തീരങ്ങളിൽ ഒരു മുന്തിരിവള്ളിയെന്നപോലെ വളരുന്നു. എനിക്ക് പര്യാപ്തമാംവണ്ണം അനുഭവം ഉണ്ടായതിനുശേഷം മാത്രമാണ് ഈ കാര്യങ്ങൾ മനസ്സിലാക്കുവാൻ കഴിഞ്ഞത്. വീഥിയും, നദിയും, വൃക്ഷവുമെല്ലാം തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു. നിങ്ങൾ മുത്തുകവാടത്തിലൂടെ അകത്തു പ്രവേശിക്കുകയും വീഥിയിലേക്കു കടക്കുകയും ചെയ്യുമ്പോൾ, ഉടനെതന്നെ നിങ്ങൾക്ക് ഒഴുകുന്ന നദിയുണ്ട്. ജീവജലം ഒഴുകുന്നിടത്തെല്ലാം ജീവവൃക്ഷമുണ്ട്. ഈ ചിത്രം വളരെ വ്യക്തമാണ്.

ഈ ചിത്രത്തെ ഇനി നമുക്ക് നമ്മുടെ ദൈനംദിന ജീവിതത്തോടു പ്രയോഗിക്കാം. ഒരു സഹോദരി ഒരു സൂപ്പർമാർക്കറ്റിൽ സാധനങ്ങൾ വാങ്ങുവാൻ പോകുന്നുവെന്നു സങ്കല്പിക്കുക. അവൾ കടയിലേക്ക് പ്രവേശിക്കുന്നതിനുമുമ്പെതന്നെ ദിവ്യപ്രകൃതം ആന്തരിക വീഥിയെന്ന നിലയിൽ അവളെ നിയന്ത്രിക്കുവാൻ തുടങ്ങുന്നു. യാതൊരു വാക്കും ഇല്ല, ആന്തരിക നിയന്ത്രണം മാത്രം. സഹോദരി കടയിലേക്കു പ്രവേശിക്കുകയും ഒരു സാധനം എടുക്കുകയും ചെയ്യുന്നു. ആന്തരിക നിയന്ത്രണം പറയുന്നു, "അവിടെ വയ്ക്കൂ"; എന്നാൽ, ഈ സമയം ആ സാധനം വാങ്ങുന്നതിന് പ്രശ്നമൊന്നുമില്ല, അടുത്ത പ്രാവശ്യം അവൾ അതു ചെയ്യുകയില്ല എന്ന് സ്വയം പറഞ്ഞുകൊണ്ട് അവൾ തന്നോടുതന്നെ ഒഴികഴിവ് പറയുന്നു. എന്നാൽ, ആ നിമിഷംമുതൽ, ആന്തരിക ഒഴുക്ക് നിന്നു പോകുന്നു. സഹോദരി വീട്ടിൽ വന്നതിനുശേഷം, അവൾക്ക് പ്രാർഥിക്കുവാൻ കഴിയുന്നില്ലെന്ന് അവൾ കണ്ടെത്തുന്നു. വായ് തുറന്ന് കർത്താവിനോടു ചിലത് പറയുവാൻ അവൾ ശ്രമിക്കുന്നുവെങ്കിലും, അവളുടെ ആന്തരിക ആളത്തത്തിൽനിന്ന് ഒരു വാക്കും പുറത്തുവരുന്നില്ല. ഇത് ദിവ്യപ്രകൃതത്തിന്റെ ആന്തരികനിയന്ത്രണത്തെ നാം പിൻതുടരാതിരുന്നാൽ എന്തു സംഭവിക്കുന്നു എന്നതിന്റെ പ്രതിലോമപരമായ ഒരു ഉദാഹരണമാണ്.

ഇനി നമുക്ക് അനുലോമപരമായ ഒരു ഉദാഹരണം നോക്കാം. ഈ സഹോദരിയോട് ആ സാധനം വാങ്ങരുതെന്ന് അകത്തെ നിയന്ത്രണം പറയുമ്പോൾ അവൾ പറയുന്നു, "ആമേൻ, കർത്താവേ,

ആമേൻ." ഉടനെതന്നെ, അവൾ പൊൻവീഥിയിൽ നടക്കുന്നതായി അവൾ കണ്ടെത്തും. അതേസമയംതന്നെ, അകത്തെ ഒഴുക്ക് തീവ്രമാക്കപ്പെട്ടുവെന്നും ബലപ്പെട്ടുവെന്നും അവൾ അനുഭവമാക്കും. ആന്തരിക ഒഴുക്ക് അവൾക്ക് ജീവന്റെ സമ്പന്നമായ സഹായം കൊണ്ടുവരുന്നുവെന്നും അവൾ അനുഭവമാക്കും. ഇതാണ് ജീവവൃക്ഷത്തിന്റെ ആസ്വാദനം. അതിനുശേഷം, ആ കടയിൽ ഇനിയും നിൽക്കുവാൻ അവൾക്ക് യാതൊരു ആഗ്രഹവും ഉണ്ടായിരിക്കുകയില്ല. അവൾ കടയിൽനിന്നു പുറത്തുവരുമ്പോൾ, അവൾക്ക് ഹല്ലേലൂയ്യാ എന്നു പാടുവാനും ആർക്കുവാൻപോലും തോന്നിയേക്കാം. ഇതാണ് പൊൻവീഥിയിൽ നടക്കുന്നതിന്റെയും, ഒഴുകുന്ന നദിയിൽ പങ്കുകൊള്ളുന്നതിന്റെയും, ജീവവൃക്ഷത്തിന്റെ സകല സമ്പന്നതയും ആസ്വദിക്കുന്നതിന്റെയും അർഥം.

ഉപദേശപരമായ രീതിയിൽ പൊൻവീഥിയെയും, ജീവജലത്തെയും, ജീവവൃക്ഷത്തെയും നാം സമീപിക്കുന്നുവെങ്കിൽ, അവയെ മനസ്സിലാക്കുവാൻ പ്രയാസമാണ്. എന്നാൽ നമ്മുടെ അനുഭവത്തെ നാം പരിഗണിക്കുന്നുവെങ്കിൽ, അവയെ മനസ്സിലാക്കുന്നത് എളുപ്പമാണ്. വീണ്ടെടുക്കുന്ന ദൈവത്തിന്റെ തലയായ്മയ്ക്ക് നമ്മുടെ മുഴുവൻ ആളത്തത്തെയും നാം കീഴ്പ്പെടുത്തുമ്പോഴെല്ലാം, അവന്റെ സിംഹാസനം നമ്മുടെ ഉള്ളിൽ സ്ഥാപിക്കപ്പെടുന്നു. ഈ സിംഹാസനത്തിൽനിന്ന് ജീവനദി ഒഴുകുന്നു. ഈ ജീവനദി പൊൻവീഥിയുടെ നടുവിൽ ഒഴുകുന്നു, ഈ നദി ഒഴുകുന്നിടത്തെല്ലാം നമ്മുടെ സമ്പന്ന ജീവസഹായമായി വളരുന്ന മുന്തിരിവള്ളിയായ ജീവവൃക്ഷം ഉണ്ട്. വീണ്ടെടുക്കുന്ന ദൈവത്തിന്റെ തലയായ്മയ്ക്കും അധികാരത്തിനും നാം കീഴ്പ്പെടുവാൻ കാത്തിരിക്കുന്ന സിംഹാസനം ഇവിടെ ഉണ്ട്. ഈ തലയായ്മയ്ക്ക് നാം കീഴ്പ്പെടുന്നയുടനെ ജീവൻനല്കുന്ന ആത്മാവ് പെട്ടെന്ന് നമ്മുടെ ഉള്ളിൽ ഒഴുകുകയും, നമ്മെ പൊൻവീഥിയിൽ നാം കണ്ടെത്തുകയും ചെയ്യും. പൊൻവീഥിയിലൂടെ നാം നടക്കുമ്പോൾ, ജീവൻനല്കുന്ന ആത്മാവിന്റെ ആന്തരിക ഒഴുക്ക് ആശ്ചര്യകരവും, പുതുമയുള്ളതും, തൃപ്തിപ്പെടുത്തുന്നതും, സഹായംനല്കുന്നതും ആണെന്ന് നാം കണ്ടെത്തുന്നു. നമ്മുടെ ഉള്ളിലുള്ള ഈ ഒഴുക്കിനെ പര്യാപ്തമാംവണ്ണം വിശദീകരിക്കുന്നതിന് വളരെയധികം വാക്കുകൾ വേണ്ടിവരും. ജീവജലത്തിന്റെ ഈ ഒഴുക്കിലുടനീളം നദിയുടെ ഒഴുക്കിനാൽ വളരുന്ന ജീവവൃക്ഷത്തിന്റെ സമ്പന്നതയുണ്ട്. നദിയുടെ ഒഴുക്കുള്ളിടത്തെല്ലാം നമുക്ക് സഹായം നൽകുവാൻ ജീവവൃക്ഷം ഉണ്ടെന്ന് ഇത് അർഥമാക്കുന്നു. എന്റെ അനുഭവത്തിൽ പ്രായോഗികമായ രീതിയിൽ എനിക്ക് ഒരു സിംഹാസനവും, ജീവനദിയുടെ ഒഴുക്കും, എന്റെ ഉള്ളിൽ വളരുന്ന ജീവവൃക്ഷമായ ക്രിസ്തുവും ഉണ്ട്. ഇത് ഉപദേശപരമായ ഒരു അറിവല്ല; ഇത് തികച്ചും ജീവനിലുള്ള അനുഭവത്തിന്റെ ഒരു വിഷയമാണ്.

### *3. പന്ത്രണ്ട് ഫലം കായ്ക്കുന്നു*

ഓരോ മാസവും അതിന്റെ ഫലം തന്നുകൊണ്ട് ജീവവൃക്ഷം പന്ത്രണ്ടു ഫലം കായ്ക്കുന്നുവെന്നും വാക്യം 2 പറയുന്നു. ജീവവൃക്ഷത്തിന്റെ ഫലങ്ങൾ നിത്യതയോളം ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ടവരുടെ ആഹാരമായിരിക്കും. വർഷത്തിൽ പന്ത്രണ്ടു ഫലങ്ങൾ ഒരോ മാസവും പുറപ്പെടുവിക്കുന്നതിനാൽ അവ എപ്പോഴും പുതുമയുള്ളതായിരിക്കും.

പന്ത്രണ്ടു ഫലങ്ങൾ ഉണ്ടെന്ന വസ്തുത അർഥമാക്കുന്നത് ദൈവത്തിന്റെ നിത്യഭരണനിർവഹണത്തിലുള്ള പൂർത്തീകരണത്തിന് ജീവവൃക്ഷത്തിന്റെ ഫലം സമ്പന്നവും മതിയായതും ആകുന്നു എന്നാണ്. പന്ത്രണ്ടെന്ന സംഖ്യയുടെ പ്രാധാന്യം ഓർക്കുക: അത് നിത്യമായി തന്റെ വ്യവസ്ഥയ്ക്കുവേണ്ടി ദൈവത്തിന്റെ ഭരണനിർവഹണത്തിലുള്ള പൂർത്തീകരണമാണ്. അങ്ങനെ, പന്ത്രണ്ടു ഫലങ്ങൾ തന്റെ വ്യവസ്ഥയ്ക്കുവേണ്ടി ദൈവത്തിന്റെ ഭരണനിർവഹണത്തിലുള്ള നിത്യമായ പൂർത്തീകരണത്തിനു വേണ്ടിയാണ്.

പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും പന്ത്രണ്ടു മാസങ്ങളെ വേർതിരിക്കേണ്ടതിന് ചന്ദ്രൻ അപ്പോഴും ഉണ്ടായിരിക്കുമെന്ന് "ഓരോ മാസവും" എന്നു പറഞ്ഞിരിക്കുന്നതിലൂടെ സൂചിപ്പിക്കുന്നു. പന്ത്രണ്ടു മണിക്കൂർ വീതമുള്ള പകലിനെയും രാത്രിയെയും വേർതിരിക്കുവാൻ സൂര്യനും അവിടെ ഉണ്ടായിരിക്കും. തന്റെ ഇപ്പോഴത്തെ യുഗത്തിൽ, ദൈവം തന്റെ സൃഷ്ടിയായ മനുഷ്യനിലേക്ക് ചേർക്കപ്പെട്ടു എന്നു സൂചിപ്പിക്കുന്ന ഏഴാണ് സഭയെ പ്രതിനിധാനംചെയ്യുന്ന സംഖ്യയെങ്കിലും, ദൈവം തന്റെ നിത്യഭരണനിർവഹണത്തിൽ മനുഷ്യനുമായി ഇഴുകിച്ചേർന്നിരിക്കുന്നു എന്നു സൂചിപ്പിക്കുന്ന പന്ത്രണ്ടാണ് പുതിയ യെരൂശലേമിന്റെ സംഖ്യ. പുതിയ യെരൂശലേമിൽ പന്ത്രണ്ട് അപ്പൊസ്തലന്മാരുടെ പേരുകളോടുകൂടിയ പന്ത്രണ്ട് അടിസ്ഥാനങ്ങളും, പന്ത്രണ്ട് ഗോത്രങ്ങളുടെ പേരുകളോടുകൂടിയ പന്ത്രണ്ട് മുത്തുകൾകൊണ്ടുള്ള പന്ത്രണ്ട് കവാടങ്ങളും, ജീവവൃക്ഷത്തിന്റെ പന്ത്രണ്ടു ഫലങ്ങളും ഉണ്ട്. വിസ്തീർണ്ണത്തെ സംബന്ധിച്ചിടത്തോളം, നഗരം അതിന്റെ മൂന്ന് അളവുകളിലും ആയിരം മടങ്ങ് പന്ത്രണ്ടായ പന്ത്രണ്ടായിരം സ്റ്റഡിയയും, അതിന്റെ മതിൽ പന്ത്രണ്ടു മടങ്ങു പന്ത്രണ്ടായ നൂറ്റിനാല്പത്തിനാലു മുഴവും ആണ്. കാലത്തെ സംബന്ധിച്ചിടത്തോളം, പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും വർഷത്തിൽ പന്ത്രണ്ടു മാസങ്ങളും, പകൽ പന്ത്രണ്ടു മണിക്കൂറും, രാത്രി പന്ത്രണ്ടു മണിക്കൂറും ഉണ്ട്.

### *4. ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ട എല്ലാവരും ആസ്വദിക്കുന്നു*

ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ട എല്ലാവരും നിത്യതയോളം

ജീവവൃക്ഷത്തെ ആസ്വദിക്കും (22:14). നമ്മുടെ ജീവവൃക്ഷാസ്വാദനം ദൈവത്തിന്റെ ഭരണനിർവഹണത്തിനു വേണ്ടിയാണ്. ജീവവൃക്ഷത്തെ ആസ്വദിക്കേണ്ടതിന് ദൈവം നമ്മെ വീണ്ടെടുത്തു: ഈ ആസ്വാദനം ദൈവത്തിന്റെ നിത്യ വ്യവസ്ഥയുടെ ഭരണനിർവ ഹണത്തിനു വേണ്ടിയാണ്.

### *5. അതിന്റെ ഇലകൾ രാഷ്ട്രങ്ങളുടെ സൗഖ്യത്തിനുവേണ്ടിയാകുന്നു*

"വൃക്ഷത്തിന്റെ ഇലകൾ, രാഷ്ട്രങ്ങളുടെ സൗഖ്യത്തിനു വേണ്ടിയാകുന്നു" എന്നും വാക്യം 2 പറയുന്നു. വേദപുസ്തകത്തിൽ, ഇലകൾ മനുഷ്യന്റെ പ്രവൃത്തികളുടെ ഒരു പ്രതീകമാണ് (ഉല്പ. 3:7). വേദപുസ്തകത്തിന്റെ രേഖയനുസരിച്ച്, മനുഷ്യൻ ആദ്യമായി ഇല ഉപയോഗിച്ചത് അവനെത്തന്നെ മറയ്ക്കുന്നതിനു വേണ്ടിയായിരുന്നു. ജീവവൃക്ഷത്തിന്റെ ഇലകൾ ക്രിസ്തുവിന്റെ പ്രവൃത്തികളെ പ്രതീക വൽക്കരിക്കുന്നു. വീണ്ടുംജനിച്ച വിശ്വാസികൾ നിത്യതയോളം ദിവ്യജീവനെ ആസ്വദിക്കേണ്ടതിന്, ക്രിസ്തുവിനെ അവരുടെ ഉള്ളിൽ ജീവനായും ജീവസഹായമായും സ്വീകരിച്ചുകൊണ്ട് ജീവവൃക്ഷത്തിന്റെ ഫലം ഭക്ഷിക്കുകയും, പുനഃസ്ഥാപിക്ക പ്പെട്ട ജാതികൾ എന്നേക്കും മനുഷ്യജീവിതം നയിക്കേണ്ടതിന് ക്രിസ്തുവിന്റെ പ്രവൃത്തികളെ അവരുടെ വഴികാട്ടിയും ബാഹ്യമായ നിയന്ത്രണവുമായി എടുത്തുകൊണ്ട് ജീവവൃക്ഷത്തിന്റെ ഇലകളാൽ സൗഖ്യം പ്രാപിക്കുകയും ചെയ്യുന്നു. കർത്താവായ യേശു കാര്യങ്ങൾ ചെയ്യുകയും പെരുമാറുകയും ചെയ്യുന്ന രീതി ജാതികൾ നോക്കുമ്പോൾ, അവന്റെ പ്രവൃത്തികൾ അവർക്കുള്ള സൗഖ്യത്തിന്റെ ഒരു ഉറവിടമായിത്തീരുകയും, ഈ സൗഖ്യം അവരുടെ മാനുഷ്യജീവിതത്തെ എന്നേക്കും നിലനിർത്തുകയും ചെയ്യും.

## XX. അതിന്റെ വാഴ്ച

പുതിയ യെരൂശലേമിലുള്ളവർ "എന്നെന്നേക്കും വാഴും" (22:5). പുതിയ യെരൂശലേം അതിന്റെ പ്രകാശത്തിൻകീഴിലുള്ള ജാതികളുടെമേൽ വാഴും. വെളിപ്പാട് 21:24 പറയുന്നു, "രാഷ്ട്രങ്ങൾ അതിന്റെ വെളിച്ചത്തിൽ നടക്കും." ഈ യുഗത്തിന്റെ അന്ത്യത്തിൽ, ആറാമത്തെയും ഏഴാമത്തെയും കാഹളങ്ങളുടെ സമയത്ത്, ഭൂമിയിലെ നിവാസികളുടെ ഒരു വലിയ ഭാഗം കൊല്ലപ്പെടും. ശേഷമുള്ളവർ ക്രിസ്തു ഭൂമിയിലേക്കു മടങ്ങിവരുമ്പോൾ അവന്റെ തേജസ്സിന്റെ സിംഹാസനത്തിൽവച്ച് അവനാൽ ന്യായംവിധിക്കപ്പെടും. ശിക്ഷവിധിക്കപ്പെട്ട "കോലാടുകൾ" തീപ്പൊയ്കയിൽ നശിച്ചുപോകേണ്ടതിന് ശപിക്കപ്പെടുകയും, നീതീകരിക്കപ്പെട്ട "ചെമ്മരിയാടുകൾ" ലോകസ്ഥാപനംമുതൽ അവർക്കുവേണ്ടി ഒരുക്കപ്പെട്ട രാജ്യം അവകാശമാക്കുവാൻ

അനുഗ്രഹിക്കപ്പെടുകയും ചെയ്യും (മത്താ. 25:31-46). പുതിയനിയമ വിശ്വാസികളെപ്പോലെ അവർ രക്ഷിക്കപ്പെടുകയും വീണ്ടുംജനിക്കുകയുമില്ല: ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോഴുള്ള ആദിമസ്ഥിതിയിലേക്ക് അവർ പുനഃസ്ഥാപിക്കപ്പെടുക മാത്രമായിരിക്കും ചെയ്യുക. ജയാളികളായ വിശ്വാസികൾ രാജാക്കന്മാരായിരിക്കുകയും (20:4, 6), യിസ്രായേലിന്റെ രക്ഷിക്കപ്പെട്ട ശേഷിപ്പ് പുരോഹിതന്മാരായിരിക്കുകയും ചെയ്യുന്ന (സെഖ. 8:20-23) സഹസ്രാബ്ദ രാജ്യത്തിലെ പൗരന്മാരായ രാഷ്ട്രങ്ങൾ ആയിരിക്കും അവർ. സഹസ്രാബ്ദ രാജ്യത്തിനുശേഷം, പിശാചിനാൽ വഞ്ചിക്കപ്പെട്ട ഈ രാഷ്ട്രങ്ങളിൽ ഒരു ഭാഗം കർത്താവിനോട് മത്സരിക്കുകയും സ്വർഗത്തിൽനിന്നുള്ള തീയാൽ വെന്തുപോകുകുയും ചെയ്യും (20:7-9). ശേഷിക്കുന്നവരെ പുതിയ യെരൂശലേമിനു ചുറ്റും ജീവിക്കുവാനും അതിന്റെ വെളിച്ചത്തിൽ നടക്കുവാനും പുതിയ ഭൂമിയിലേക്ക് രാഷ്ട്രങ്ങളായി സ്ഥലംമാറ്റും. അവരായിരിക്കും 21:3-ലും 4-ലും പറഞ്ഞിരിക്കുന്ന ജനങ്ങൾ. അവർ, സൃഷ്ടിക്കപ്പെട്ടവരെങ്കിലും വീണ്ടുംജനിക്കാത്ത മനുഷ്യരായി, ജീവവൃക്ഷത്തിന്റെ ഇലകളാലുള്ള സൗഖ്യത്താൽ അവരുടെ സൃഷ്ടിക്കപ്പെട്ട സ്ഥിതിയിൽ എന്നേക്കും ജീവിക്കുവാൻ നിലനിർത്തപ്പെടും. അവർക്കും ഇനി മരണം ഉണ്ടായിരിക്കുകയില്ല (21:4). പുതിയ യെരൂശലേമിന്റെ ദിവ്യതേജസ്സോടുകൂടെയുള്ള പ്രകാശത്തിൻകീഴിൽ അവരാരും ഇരുട്ടിലും ആയിരിക്കുകയില്ല.

"ഭൂമിയിലെ രാജാക്കന്മാർ തങ്ങളുടെ മഹത്വം അതിലേക്കു കൊണ്ടുവരും" എന്നും പുതിയ യെരൂശലേമിനെക്കുറിച്ച് വെളിപ്പാട് 21:24-ൽ പറയുന്നു. ഇവിടെ ഭൂമിയുടെ രാജാക്കന്മാർ പുതിയ ഭൂമിയിലെ രാഷ്ട്രങ്ങളുടെ രാജാക്കന്മാരാണ്. വീണ്ടെടുക്കപ്പെട്ടവരും വീണ്ടുംജനിച്ചവരുമായ വിശുദ്ധന്മാർ ഈ രാജാക്കന്മാരുടെമേൽ രാജാക്കന്മാരായിരിക്കുകയും (22:5), നിത്യതയിൽ ക്രിസ്തു രാജാധിരാജാവായിരിക്കുകയും ചെയ്യും. രാഷ്ട്രങ്ങളുടെ മഹത്വം അവരുടെ ഉത്തമ വിളവായിരിക്കും (ഉല്പ. 31:1, 16; എസ്ഥേർ 1:4), അവരുടെ ബഹുമാനം (21:26) അവരുടെ അവസ്ഥയിലുള്ള അവരുടെ അമൂല്യതയും സ്ഥാനത്തിലുള്ള പ്രതാപവും ആയിരിക്കും.